പരാതി രജിസ്റ്റർ ചെയ്യുന്നതിന് 1912 എന്ന നമ്പരിൽ വിളിക്കുമ്പോൾ 13 അക്കമുള്ള കൺസ്യൂമർ നമ്പർ ഡയൽ ചെയ്യേണ്ടതാണ്. IVRS -ൽത്തന്നെ ഫോൺ നമ്പർവഴി കൺസ്യൂമറെ തിരിച്ചറിയുന്ന സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ്വഴിയും ഉപഭോക്താവിന് മേൽപ്പറഞ്ഞ എല്ലാവിധ സേവനങ്ങളും ലഭ്യമാകുന്നതാണ്.

wss.kseb.in എന്ന വെബ്സൈറ്റ്വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കാവുന്നതാണ്. 37 ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന പണം അടയ്ക്കാം. ഇടപാട് പൂർത്തിയാകുമ്പോൾ ഉപഭോക്താക്കൾക്ക് മൊബൈലിൽ SMS-ഉം ഇമെയിലും ലഭിക്കും.

wss.kseb.in എന്ന വെബ്സൈറ്റ്വഴി ഉപഭോക്താക്കൾക്ക് കൺസ്യൂമർ നമ്പർ രജിസ്റ്റർ ചെയ്ത് ഓൺലൈൻ അക്കൗണ്ട് ഉണ്ടാക്കാവുന്നതാണ്. വെബ്സൈറ്റിൽ രജിസ്റ്റർചെയ്ത ഉപഭോക്താക്കൾക്ക് അവരുടെ ബിൽ നോക്കുന്നതിനും തുക അടയ്ക്കുന്നതിനും സാധിക്കും. കൂടാതെ 12 മാസത്തെ ബിൽ വിവരങ്ങൾ, തുക അടച്ച വിവരങ്ങൾ, 12 മാസത്തെ വൈദ്യുതി ഉപഭോഗം, പരാതി രജിസ്റ്റർ ചെയ്ത വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും.

ഭക്ഷ്യസംസ്കരണ വ്യവസായം

14(*193) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപകമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ തനത് വിഭവങ്ങളായ നാളികേരം, ചക്ക, മാങ്ങ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ മേഖലയ്ക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യസംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽവന്നു. സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം സമുദ്രോത്പന്ന മേഖലയിലെ ഭക്ഷ്യസംസ്കരണ വ്യവസായം വിപുലീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറത്തും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാടും ഓരോ മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മെഗാഫുഡ് പാർക്ക് പദ്ധതിയിൽപ്പെടുത്തി തത്ത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ അന്തിമ അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഭക്ഷ്യസംസ്കരണ വ്യവസായം വ്യാപകമാക്കുന്നതിന് സംരംഭകത്വ ബോധവത്കരണ പരിപാടികളും സ്കിൽ ഡവലപ്മെന്റ് പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) ഏലം, കുരുമുളക്, കാപ്പി, തേയില, നാളികേരം, സമുദ്രോൽപ്പന്നങ്ങൾ, ശുദ്ധജല മത്സ്യ വിഭവങ്ങൾ, ക്ഷീരം മുതലായ ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. PMEGP പദ്ധതി പ്രകാരം ഭക്ഷ്യസംസ്കരണം ഉൾപ്പെടെയുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമീണ മേഖലയിൽ പദ്ധതി ചെലവിന്റെ പരമാവധി 35 ശതമാനം വരെയും നഗര പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ പരമാവധി 25 ശതമാനം വരെയും സബ്സിഡിയായി നൽകിവരുന്നു. ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട പരമാവധി പദ്ധതി ചെലവ് 25 ലക്ഷം രൂപയാണ്. സംരംഭകത്വ സഹായ പദ്ധതി പ്രകാരം നാളികേരം, ചക്ക, മാങ്ങ, പപ്പായ തുടങ്ങിയ ഭക്ഷ്യസംസ്കരണ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ നൽകിവരുന്നു. മേൽപ്പറഞ്ഞ വിഭവങ്ങൾ വിപണനം നടത്തുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽനിന്നും പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് അടിസ്ഥാന മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സാങ്കേതിക സഹായം സംരംഭകത്വ സഹായ പദ്ധതിയിലൂടെ നൽകിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഗവൺമെന്റ് അംഗീകൃത സാങ്കേതിക സ്ഥാപനത്തിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും സഹായം നൽകുന്നുണ്ട്. ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് ഉണമേന്മ സർട്ടിഫിക്കറ്റായ HACCP സർട്ടിഫിക്കേഷൻ വിദഗ്ധ പരിശീലനം നേടിയവർവഴി അർഹതയുള്ള യൂണിറ്റുകൾക്ക് കെ-ബിപ്പ് മുഖാന്തരം നൽകിവരുന്നു.

വ്യവസായ സംരംഭകരുടെ ആവശ്യാനുസരണം കിൻഫ്ര മൈസൂറിലെ Centre for Food Technology and Research Institute (CFTRI)-മായി വ്യവസായ സംരംഭകരെ ബന്ധപ്പെടുത്തി അവർക്ക് വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കി കൊടുക്കാറുണ്ട്.

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സൗരോർജ്ജ പദ്ധതി

15(*194) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ടിന്റെ പദ്ധതിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം വിട്ടുകൊടുക്കേണ്ടതായിട്ടുണ്ട് ; പദ്ധതിയുടെ മൊത്തം ചെലവ് എത്രയെന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വൈദ്യുതബോർഡ് വാങ്ങുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ടോ ; ആയതിന്റെ താരിഫ് നിരക്ക് എത്രയാണെന്ന് അറിയിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 200MW ശേഷിയുള്ള സോളാർ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയാണ് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യവഴി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly